ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 22.02.2018

## ദേശീയപാത 4 വരി വികസനം:
## ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ഭൂമിയെടുപ്പ് വിജ്ഞാപനമായി

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത 66 ന്റെ നാലു വരി വികസനത്തിന്റെ ഭാഗമായ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഭൂമി യെടുപ്പിനുള്ള 3 എ വിജ്ഞാപനം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഗസറ്റ് വഴി പ്രസിദ്ധീകരിച്ചതായി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു. ആലപ്പുഴ ജില്ലയിലെ ചേർത്തല മുതൽ ഓച്ചിറ വരെയുള്ള 81.600 കിലോമീറ്ററും, കൊല്ലം ജില്ലയിൽ വരുന്ന ഓച്ചിറക്കും തിരുവനന്തപുരത്തിനും ഇടയിലുള്ള 56.300 കിലോമീറ്റർ ഭാഗവും, തിരുവനന്തപുരം ജില്ലയിലെ 1120 മീറ്റർ നീളമുള്ള കഴക്കൂട്ടം ഫ്ളൈഓവറിന്റെയും ഭൂമിയെടുപ്പിനുള്ള ആദ്യഘട്ട വിജ്ഞാപനമാണ് ഫെബ്രുവരി 9,15 തീയതികളിലായി പ്രസിദ്ധീകരിച്ചതെന്നും മന്ത്രി അറിയിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ തന്നെ ദേശീയപാത 4 വരിപ്പാത വികസന കാര്യത്തിൽ സവിശേഷ താൽപര്യം എടുക്കുകയായിരുന്നു. മുഖ്യമന്ത്രിയുടേയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടന്നു. കേന്ദ്രമന്ത്രി നിധിൻ ഗഡ്കരിക്കും ഉപരിതല ഗതാഗത വകുപ്പു സെക്രട്ടറിയ്ക്കും പലതവണ കത്തുകളും നൽകുകയുണ്ടായി. ഇക്കഴിഞ്ഞ ജനുവരി 17 നു കേന്ദ്ര ഉപരിതല ഗതാഗത വകുപ്പു മന്ത്രി നിധിൻ ഗഡ്കരിയുമായും ഉപരിതല ഗതാഗത സെക്രട്ടറിയുമായും ദേശീയപാത അതോറിറ്റി ചെയർമാനുമായും മന്ത്രി ജി.സുധാകരൻ ഡൽഹിയിൽ ചർച്ച നടത്തിയ ആലപ്പുഴ, കൊല്ലം ജില്ലകളിലെ ഘട്ടത്തിൽ ദേശീയപാത വികസനത്തിനുള്ള ഭൂമിയെടുപ്പ് വിജ്ഞാപനം ഫെബ്രുവരി 15 നുള്ളിൽ ഇറക്കാമെന്ന് സമ്മതിച്ചിരുന്നു. തുടർന്ന് കേന്ദ്ര മന്ത്രിയുടെ നിർദ്ദേശാനുസരണം ഇതു സംബന്ധിച്ച് കേരളത്തിൽ യോഗം നടത്തുകയും ഓരോ ഘട്ടവും പൂർത്തീകരിക്കാനാകുന്നതിന്റെ സമയക്രമം തീരുമാനിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാലതാമസമില്ലാതെ വിജ്ഞാപനം ഇറക്കി വാക്കു പാലിച്ചതിനു കേന്ദ്ര മന്ത്രാലയത്തിന് നന്ദി അറിയിക്കുന്നതായും മന്ത്രി ജി.സുധാകരൻ പറഞ്ഞു.

തലശ്ശേരി - മാഹി ബൈപ്പാസ് കരാർ വെച്ച് പ്രാരംഭ പണികൾ ആരംഭിച്ചു. കോഴിക്കോട് ബൈപ്പാസിന്റെ ടെണ്ടർ അംഗീകരിക്കുകയും, കരാർ വെയ്ക്കാനുള്ള അനുമതിപത്രം കരാർ കമ്പനിക്കു ഉടൻ നൽകുമെന്നും, കാസർഗോഡ് ജില്ലയിലെ നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റെ ടെണ്ടർ അംഗീകരിച്ചതായും അറിയിപ്പ് ലഭിച്ചതായി മന്ത്രി അറിയിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ ദേശീയപാത വികസന പ്രവൃത്തി പൂർത്തീകരിക്കാനാകുന്ന വിധത്തിൽ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, ബന്ധപ്പെട്ട ജില്ലകളിലെ ജില്ലാ കളക്ടർമാരും, ഭൂമിയെടുപ്പിനായി നിയോഗിക്കപ്പെട്ട പ്രത്യേക ഓഫീസുകളും സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനു നിയോഗിച്ച സംസ്ഥാനതല കാല (CALA) ഓഫീസറും ഇതിന് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.